**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3149** **25-10-2021 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാഭ്യാസ വകുപ്പിലെ ജീവനക്കാരുടെ സ്ഥലം മാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാഭ്യാസ വകുപ്പിലെ ജീവനക്കാരുടെ പൊതു സ്ഥലം മാറ്റം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. പൊതു വിദ്യാഭ്യാസ വകുപ്പിലെ സീനിയർ സൂപ്രണ്ട്, ജൂനിയർ സൂപ്രണ്ട് ജീവനക്കാരുടെ സ്ഥലംമാറ്റം കഴിഞ്ഞ വർഷത്തെ ഓൺലൈൻ സ്ഥലംമാറ്റ അപേക്ഷകൾ പരിഗണിച്ച് 08/10/2021, 11/10/2021 എന്നീ തീയതികളിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഓൺലൈൻ സ്ഥലംമാറ്റത്തിനുള്ള അപേക്ഷ വിളിച്ചുകൊണ്ടുള്ള പരിപത്രം 30/10/2021 ന് മുമ്പായി ഇറക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ഏപ്രിൽ 30ന് മുമ്പ് പൂർത്തീകരിക്കേണ്ട പൊതു സ്ഥലം മാറ്റം നാളിതുവരെ പൂർത്തിയാകാത്തതിന്റെ കാരണം വിശദമാക്കാമോ; | (ബി) | കഴിഞ്ഞ വർഷത്തെ ഓൺലൈൻ മുഖേനയുള്ള സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിച്ചത് ഡിസംബർ 20-നാണ് ഒരു ഓൺലൈൻ ട്രാൻസ്ഫർ കഴിഞ്ഞ് മറ്റൊരു ഓൺലൈൻ സ്ഥലംമാറ്റത്തിന് വേണ്ടിയുള്ള ഇടവേളയിൽ കോവിഡ്-19 നിമിത്തമാണ് ഓൺലൈൻ സ്ഥലംമാറ്റം വൈകിയത് |
| (സി) | 2017 മുതൽ ജീവനക്കാരുടെ സ്ഥലംമാറ്റം ഓൺലൈൻ മുഖേന നടപ്പിലാക്കണമെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും പൊതുവിദ്യാഭ്യാസ വകുപ്പിലെ ജീവനക്കാരുടെ കാര്യത്തിൽ ഇത് കൃത്യമായി നടക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | 2020-ൽ സർക്കാർ ഉത്തരവ് പ്രകാരം ഓൺലൈൻ സ്ഥലംമാറ്റം പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പാക്കി. 2021-ലെ ഓൺലൈൻ സ്ഥലംമാറ്റ ത്തിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചുവരുന്നു. |
| (ഡി) | പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ് മേൽപ്പറഞ്ഞ വിഷയത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ? | (ഡി) | പൊതുവിദ്യാഭ്യാസ വകുപ്പിലെ ജൂനിയർ സൂപ്രണ്ട്, സീനിയർ സൂപ്രണ്ട്, ക്ലാർക്ക്, ടൈപ്പിസ്റ്റ് ജീവനക്കാരുടെ 2021-ലെ ഓൺലൈൻ സ്ഥലംമാറ്റത്തിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച വരുന്നു. |

സെക്ഷൻ ഓഫീസർ